5436/എച്ച്/2018/കെ.എസ്.എച്ച്.ഒ. 29..05..2018

# സർക്കുലർ

വിഷയം : കുടുംബശ്രീ - ജൈവകൃഷി - സി എൽ സി തിരഞ്ഞെടുപ്പ് മാർഗരേഖ - സംബന്ധിച്ച്

ഈ വർഷം എം കെ എസ് പി യുടെ പ്രധാന പദ്ധതികളിൽ ഒന്നായ ജൈവകൃഷി (Ag01) എല്ലാ ജില്ലകളിലും ക്ലസ്റ്ററുകൾ രൂപീകരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേക്കായി 201 ക്ലസ്റ്ററുകൾ സംസ്ഥാനത്തു രൂപീകരിക്കുകയും ക്ലസ്റ്ററുകളുടെ മേൽനോട്ടത്തിനായി ക്ലസ്റ്റർ ലെവൽ കോ ഓർഡിനേറ്ററുകളെ (സി.എൽ.സി.) തിരഞ്ഞെടുക്കേണ്ടതുമാണ്.

ജെ എൽ ജി കൾക്കു ജൈവ കൃഷി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും എല്ലാവിധ സഹായങ്ങളും ഫീൽഡ് തലത്തിൽ ഉറപ്പുവരുത്തി, ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനായി തിരഞ്ഞെടുക്കേണ്ട വിദഗ്ദ്ധരാണ് സി എൽ സി കൾ അഥവാ ക്ലസ്റ്റർ ലെവൽ കോ ഓർഡിനേറ്റർ.

**പൊതുവായ നിർദ്ദേശങ്ങൾ :**

- നിലവിലുള്ള ജീവ/മാസ്റ്റർ കർഷകരിൽ നിന്നാണ് സി എൽ സി മാരെ തിരഞ്ഞെടുക്കേണ്ടത്.
- 100 ജെ എൽ ജി കൾ അടങ്ങിയ ഓരോ ക്ലസ്റ്ററിന്റെയും മേൽനോട്ടത്തിനായി 2 സി എൽ സികളെ വീതം തിരഞ്ഞെടുക്കുക

**സി എൽ സി ആകുന്നതിനുള്ള യോഗ്യതകൾ**

- കുറഞ്ഞത് 3 കൊല്ലം മാസ്റ്റർ കർഷകയായുള്ള പ്രവർത്തി പരിചയം.
- പ്രീഡിഗ്രി / വി എച്ച് എസ് സി വിദ്യാഭ്യാസ യോഗ്യത.
- അടിസ്ഥാന കമ്പ്യൂട്ടർ, ഇന്റർനെറ്റ് പരിജ്ഞാനം നിർബന്ധമാണ്. ജൈവ സർട്ടിഫിക്കേഷന് ആവശ്യമായ ഡോക്യൂമെന്റേഷൻ പ്രവർത്തനങ്ങൾക്ക് ഇവ അനിവാര്യമാണ്.

**മുൻഗണനാ യോഗ്യതകൾ**

- ജീവയ്ക്കു മുൻഗണന
- ജൈവ കൃഷി രീതി അറിവുള്ളവരും പിന്തുടരുന്നവരും.
- ഫീൽഡ് സന്ദർശനത്തിനും, യാത്ര ചെയ്യുന്നതിനും പരിശീലനത്തിൽ പങ്കെടുക്കുന്നതിനും തയ്യാറായിട്ടുള്ളവർ.
- നേതൃത്വ പാടവമുള്ളവർ.
- വിവര ശേഖരണം, ഡോക്യൂമെന്റേഷൻ, റിപ്പോർട്ടുകൾ എന്നിവ കൃത്യമായി ചെയ്യുന്നവർ.
- കുറഞ്ഞത് 5 വർഷമെങ്കിലും സി എൽ സി യായി ജോലി ചെയ്യാൻ സന്നദ്ധരായിട്ടുള്ളവർ.

**സി എൽ സി തിരഞ്ഞെടുപ്പ് പ്രക്രിയ**

| ക്രമ നം. | ജില്ല | ക്ലസ്റ്ററുകളുടെ എണ്ണം | സി എൽ സി കളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 12 | 24 |
| 2 | കൊല്ലം | 14 | 28 |
| 3 | പത്തനംതിട്ട | 9 | 18 |
| 4 | ആലപ്പുഴ | 15 | 30 |
| 5 | കോട്ടയം | 15 | 30 |
| 6 | ഇടുക്കി | 16 | 32 |
| 7 | എറണാകുളം | 16 | 32 |
| 8 | തൃശൂർ | 19 | 38 |
| 9 | പാലക്കാട് | 19 | 38 |
| 10 | മലപ്പുറം | 17 | 34 |
| 11 | കോഴിക്കോട് | 13 | 26 |
| 12 | വയനാട് | 9 | 18 |
| 13 | കണ്ണൂർ | 14 | 28 |
| 14 | കാസർഗോഡ് | 13 | 26 |
| **ആകെ** | | **201** | **402** |

- നിയമനം പൂർണ്ണമായും ജില്ലാ മിഷന്റെ നിയന്ത്രണത്തിലായിരിക്കും.

- മേൽ പറഞ്ഞ യോഗ്യതകളുള്ള ജീവ/മാസ്റ്റർ കർഷകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു ജില്ലാതലത്തിൽ എഴുത്തു പരീക്ഷ നടത്തേണ്ടതാണ്.
- എഴുത്തു പരീക്ഷയിൽ നിന്നും തിരഞ്ഞെടുത്തവരെ ജില്ലാ തലത്തിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോഗ്രാം മാനേജർ, ബ്ലോക്ക് കോഓർഡിനേറ്റർ പ്രതിനിധി, ജീവ പ്രതിനിധി എന്നിവരടങ്ങുന്ന ഇന്റർവ്യൂ ബോർഡ് രൂപികരിച്ചു ഇന്റർവ്യൂ സംഘടിപ്പിക്കേണ്ടതാണ്.
- ഇന്റർവ്യൂനു പങ്കെടുക്കുന്ന മാസ്റ്റർ കർഷകർ ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ പരിശോധിച്ചു കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.
- മേൽപറഞ്ഞ യോഗ്യതകളിൽ അപേക്ഷകരെ ലഭിക്കാത്തപക്ഷം താൽപര്യമുള്ള യോഗ്യരായ ജെ എൽ ജി അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്.
- ജൂൺ 14 നു മുൻപ് മേൽ പറഞ്ഞ നടപടികൾ പൂർത്തീകരിച്ചു സി എൽ സി മാരെ തിരഞ്ഞെടുക്കേണ്ടതാണ്.
- ഇതിലേയ്ക്കാവശ്യമായി വരുന്ന തുക NRLM ഫണ്ടിലെ B2.1.4 ഉപശീർഷകത്തിൽ നിന്നും ചിലവഴിക്കാവുന്നതാണ്.

**ഹോണറേറിയം**

- ജോലി ചെയ്യുന്ന ദിവസത്തേക്കു മാത്രമായി ദിവസം 250 രൂപ ഹോണറേറിയവും യാത്രബത്തയും (യഥാർത്ഥ ബത്ത) അനുവദിക്കാവുന്നതാണ്.
- ഇതിലേയ്ക്കാവശ്യമായി വരുന്ന തുക NRLM ഫണ്ടിലെ B2.1.2 ഉപശീർഷകത്തിൽ നിന്നും ചിലവഴിക്കാവുന്നതാണ്.

**സി എൽ സി യുടെ ചുമതലകൾ**

- എഫ് എഫ് സി / സി ഡി എസ് ൽ രജിസ്റ്റർ ചെയ്യപ്പെട്ട ജൈവ കൃഷിയിൽ താൽപര്യമുള്ള സംഘകൃഷി ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുക.
- ഇത്തരം ജെ എൽ ജി കൾ കഴിഞ്ഞ 3 വർഷം ചെയ്ത കൃഷിയുടെ വിശദ വിവരങ്ങൾ ശേഖരിക്കുക.

- ജെ എൽ ജി കളെ കുറിച്ചുള്ള വിവര ശേഖരണം നടത്തുക, ശേഖരിച്ച വിവരങ്ങൾ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുക.
- റീജിയണൽ കൗൺസിലിന്റെ സഹായത്തോടെ രജിസ്റ്റർ ചെയ്ത ജെ എൽ ജി കൾക്ക് വെബ് പോർട്ടൽ യൂസർ ഐ ഡി , പാസ്‌വേർഡ് എന്നിവ ലഭ്യമാക്കുക.
- റീജിയണൽ കൗൺസിലിൽ നിന്നും പരിശീലനം ലഭിച്ച സി എൽ സി കൾ പ്രാദേശിക തലത്തിൽ ജെ എൽ ജി കൾക്ക് പരിശീലനങ്ങൾ നൽകുക.
- ജൈവ കൃഷിയിൽ ജെ എൽ ജി കൾക്ക് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- എല്ലാ മാസവും ജെ എൽ ജി യോഗങ്ങൾ കൂടി മിനിട്സ് തയാറാക്കുകയും രജിസ്റ്ററുകൾ പരിശോധിക്കുകയും ചെയ്യുക.
- കൃത്യമായ ഇടവേളകളിൽ ഫീൽഡ് സന്ദർശനം നടത്തുക.
- എല്ലാ മാസവും പ്രവർത്തന പുരോഗതിയും ഫീൽഡ് അനുഭവങ്ങളും ജില്ലാ മിഷനിൽ റിപ്പോർട്ട് ചെയ്യുക.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്കും

പകർപ്പ്
സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അഗ്രി)